"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്ന ശ്രീമതി ഗീതാകമാരി കെ.യുടെ വേലവിലക്ക് കാലയളവ് ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.783/2026/GEDN തീയതി,തിരുവനന്തപുരം, 28-01-2026

---

പരാമർശം:-

1. 25/04/2025-ലെ സ.ഉ(സാധാ) നം.2894/2025/ പൊ.വി.വ
2. 09/06/2025-ലെ സ.ഉ(സാധാ) നം.3745/2025 / പൊ.വി.വ
3. 16/06/2025-ലെ സ.ഉ(സാധാ) നം.3884/2025/ പൊ.വി.വ
4. ശ്രീമതി.ഗീതാകമാരി.കെ. സർക്കാരിൽ സമർപ്പിച്ച 07/07/2025-ലെ അപേക്ഷ
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 01/10/2025-ലെ ഡിജിഇ/8641/2025-വിബി4 നമ്പർ കത്ത്

**ഉത്തരവ്**

ഒരു പ്രത്യേക മതവിഭാഗം ജീവനക്കാർക്കെതിരെ ലഭിച്ച പരാതി വ്യക്തമായ പരിശോധന നടത്താതെ തുടർനടപടി സ്വീകരിച്ചതുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്ന മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഓഫീസറായിരുന്ന ശ്രീമതി ഗീതാകമാരി കെ.യെ പരാമർശം (1) പ്രകാരം സർക്കാർ വേലവിലക്കി ഉത്തരവായിരുന്നു. തുടർന്ന് ടിയാൾക്കെതിരെ 1960-ലെ കെ.സി.എസ്.(സി.സി&എ) ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. മേൽ വിഷയത്തിൽ സർക്കാർ തലത്തിൽ നടത്തിയ അന്വേഷണത്തെത്തുടർന്ന് അന്വേഷണ ഉദ്യോഗസ്ഥൻ സർക്കാരിൽ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ മേൽ വേലവിലക്ക് പിൻവലിച്ച് ടിയാളെ പരാമർശം (2) പ്രകാരം സേവനത്തിൽ പുനഃപ്രവേശിപ്പിച്ചുകൊണ്ട് ഉത്തരവായിരുന്നു.

2)ടി വിഷയത്തിൽ ശ്രീമതി. ഗീതാകമാരി. കെ.യ്ക്കെതിരെ 1960-ലെ

കെ.സി.എസ്. (സി.സി&എ) ചട്ടം 15 ആരംഭിച്ച അച്ചടക്ക നടപടി പരാമർശം (3) പ്രകാരം KCS CC&A Rules 1960 ലെ ചട്ടം 11(1)(i) പ്രകാരം സെൻഷ്വർ നൽകി സർക്കാർ തീർപ്പാക്കി ഉത്തരവായിരുന്നു. തുടർന്ന് വേലവിലക്ക് കാലയളവ് ക്രമീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (4) പ്രകാരം ടിയാൾ സർക്കാരിൽ അപക്ഷ സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷയിന്മേൽ പരാമർശം (5) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടിക്ക് ആധാരമായ വിഷയത്തിൽ വേണ്ടത്ര ജാഗ്രത പുലർത്താൻ കഴിഞ്ഞില്ല എന്ന കാരണത്താലാണ് സർക്കാർ ടിയാൾക്കെതിരെ 1960-ലെ കെ.സി.എസ്. (സി.സി&എ) ചട്ടം 15 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി കെ.സി.എസ്. (സി.സി&എ) ചട്ടം 11 (i) പ്രകാരം സെൻഷ്വർ എന്ന ശിക്ഷ നൽകി പൂർത്തിയാക്കിയത്. ആയതിനാൽ ടിയാളുടെ വേലവിലക്ക് കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കുവാൻ കഴിയുകയില്ലെന്നതിനാൽ ടിയാൾ വേലവിലക്ക് നേരിട്ടിരുന്ന 25/04/2025 മുതൽ 08/06/2025 വരെയുള്ള സർവ്വീസും, തുടർന്ന് സ്റ്റേഷൻ ലഭിക്കുന്നത് വരെയുള്ളള 09/06/2025 മുതൽ 03/07/2025 വരെയുള്ള സർവ്വീസും അർഹതപ്പെട്ട അവധിയായി ക്രമീകരിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുകയുണ്ടായി.

3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്ന ശ്രീമതി.ഗീതാകമാരി കെ.യുടെ 25/04/2025 മുതൽ 08/06/2025 വരെയുള്ള സസ്പെൻഷൻ കാലയളവ്, ടി കാലയളവിലെ ശമ്പളവും ബത്തകളും ടിയാൾ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവന ബത്തയിൽ നിജപ്പെടുത്തി എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായും, 09/06/2025 മുതൽ 03/07/2025 വരെയുള്ള ഇടവേള (03/07/2025 AN നാണ് തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുള്ളത്) KSRs Part I Rule-56B(9)Note-2 പ്രകാരം പ്രവേശന കാലമായോ ((KSRs Part I Rule-127 പ്രകാരം അനുവദനീയമായ പ്രവേശന കാലയളവ്-ചട്ടപ്രകാരമുള്ള തയ്യാറെടുപ്പ് കാലവും (6ദിവസം) യഥാർത്ഥ യാത്രാസമയവും ചേർന്ന കാലയളവ് മാത്രം) (apportioned second) അർഹമായതും അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ശ്രീമതി ഗീതാകമാരി കെ., പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ വിദ്യാഭ്യാസ ഉപഡയറക്ടർ (ക്യൂ.ഐ.പി 5) (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ),കേരളം,തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്വ(വെബ്&ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ (പൊവി-ഡിഎ1/137/2025/പൊവിവ.)

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
Date: 28-01-2026 15:24:08
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എയ്ക്ക്